©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
ചൊവ്വ
Thiruvananthapuram,
Tuesday

2026 ആഗസ്റ്റ് 11
11th August 2026
1201 കർക്കടകം 26
26th Karkadakam 1201
1948 ശ്രാവണം 20
20th Sravana 1948

നമ്പർ
No.
2269

ഫോറം നമ്പർ 7

[ചട്ടം 18(1) കാണുക]

വകുപ്പ് 11(1) പ്രകാരം പരസ്യപ്പെടുത്തുന്ന പ്രാഥമിക വിജ്ഞാപനം

നമ്പർ: സി12-993/24(1). *2026, ആഗസ്റ്റ് 7.*

.

കേരള സർക്കാർ 04-12-2015-ാം തീയതിയിലെ സ.ഉ. (സാധാരണ) നമ്പർ 649/2015/റവ. വിജ്ഞാപനം പ്രകാരം 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (കേന്ദ്ര ആക്ട് 30/2013) പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുവാൻ കാക്കനാട്, കൊച്ചി മെട്രോ റെയിൽ പ്രൊജക്ട് നമ്പർ-2 സ്പെഷ്യൽ തഹസിൽദാരെ നിയമിച്ചിരിക്കുന്നതിനാലും;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കൊച്ചി മെട്രോ റെയിൽ പ്രൊജക്ടിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി പാലാരിവട്ടം മെട്രോ സ്റ്റേഷൻ (RHS), റോഡ് വികസനം എന്നീ പദ്ധതികൾക്കുവേണ്ടിയുള്ള പൊന്നുംവില നടപടിയുടെ പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ ആയി കൊച്ചി മെട്രോ റെയിൽ പ്രൊജക്ട് (എൽ.എ.) ഡെപ്യൂട്ടി കളക്ടറെ കേരള സർക്കാർ നിയമിച്ചിരിക്കുന്നതിനാലും;

ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിച്ചിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന്, അതായത്, കൊച്ചി മെട്രോ റെയിൽ പ്രൊജക്ടിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി പാലാരിവട്ടം മെട്രോ സ്റ്റേഷൻ (RHS), റോഡ് വികസനം എന്നീ പദ്ധതികൾക്കുവേണ്ടിയുള്ള നിർമ്മാണത്തിനായി ഭൂമി ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കാമെന്നോ ജില്ലാ കളക്ടർക്ക് ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാലും;

ഇപ്പോൾ, തന്മൂലം, അതുമായി ബന്ധപ്പെട്ട എല്ലാപേർക്കും 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് 11-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി ഇക്കാര്യത്തിലുള്ള അറിയിപ്പ് ഇതിനാൽ നൽകുകയും ചെയ്യുന്നു;

പൊന്നുംവിലയ്ക്കെടുക്കാൻ തീരുമാനിച്ചിട്ടുള്ള സ്ഥലങ്ങളുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ടിട്ടുള്ള കക്ഷികൾ അവരുടെ ഭൂരേഖകൾ നാളതീകരിക്കുന്നത് സംബന്ധിച്ചും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചും ആക്ഷേപമുണ്ടെങ്കിൽ ആയത് മേൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ തീയതിയോ, ഇതു സംബന്ധിച്ച പൊതു നോട്ടീസിന്റെ തീയതിയോ ഏതാണോ അവസാനം വരുന്നത് ആ തീയതി മുതൽ 15 ദിവസത്തിനകം രേഖാമൂലമുള്ള പ്രസ്താവന പൊന്നുംവില ആഫീസറായ സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) നമ്പർ 2, കൊച്ചി മെട്രോ റെയിൽ പ്രൊജക്ട്, കാക്കനാട് മുമ്പാകെ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്ത ആക്ഷേപങ്ങളും സ്ഥലത്തിലുള്ള താൽപര്യം സംശയലേശമന്യേ വിശദീകരിക്കാത്തതുമായ അപേക്ഷകളും നിരുപാധികം നിരസിക്കപ്പെടുന്നതാണ്;

സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് സംഗ്രഹം താഴെ ചേർക്കുന്നു. ആയത് എറണാകുളം ജില്ലാ ഭരണകൂടത്തിന്റെ വെബ് സൈറ്റിൽ ലഭ്യമാണ്;

സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് – സംഗ്രഹം

അർത്ഥനാധികാരിയായ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിൽ നിന്നും അർത്ഥന ലഭിച്ചത് പ്രകാരം പൊന്നുംവില നടപടിയിൽ ഇടപ്പള്ളി സൌത്ത് വില്ലേജിൽ നിന്നും 0.0110 ഹെക്ടറും, പൂണിത്തുറ വില്ലേജിൽ നിന്നും 0.0297 ഹെക്ടർ ഭൂമിയും ഉൾപ്പെടെ ആകെ 0.0407 ഹെക്ടർ ഭൂമി ആവശ്യമുള്ളതായി കാണുന്നു.

നിർദ്ദിഷ്ട പദ്ധതി നിലവിൽ വരുമ്പോൾ ഈ പദ്ധതിക്കായി ഏറ്റവും കുറവ് ഭൂമിയാണ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഏറ്റെടുക്കുന്നതെന്ന് പഠന സംഘം വിലയിരുത്തി. നിർദ്ദിഷ്ട പദ്ധതി പൊതു ആവശ്യത്തിന്റെ പരിധിയിൽ വരുന്നതും പദ്ധതി നടപ്പിലാക്കിയാൽ പദ്ധതിയുടെ സാമൂഹ്യ സാമ്പത്തിക നേട്ടങ്ങൾ പൊതു സമൂഹത്തിനും നാടിനും വികസനത്തിന് ഊന്നൽ കൊടുത്തിട്ടുള്ളതും ഇതിന്റെ വിപരീത പ്രത്യാഘാതങ്ങളേക്കാൾ നേട്ടങ്ങൾ കൂടുതലായിരിക്കുമെന്ന നിഗമനത്തിൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ് ഏകകണ്ഠമായി എത്തിച്ചേർന്നു.

പദ്ധതിക്ക് ഏറ്റെടുക്കുന്ന ഭൂമി പൂണിത്തുറ, ഇടപ്പള്ളി സൌത്ത് എന്നീ വില്ലേജുകളുടേയും കൊച്ചി കോർപ്പറേഷന്റെയും പരിധിയിൽ വരുന്നതാണ്.

പട്ടിക

(ഏകദേശ വിസ്തീർണ്ണം ചേർത്തിരിക്കുന്നു.)

ജില്ല—എറണാകുളം.

താലൂക്ക്—കണയന്നൂർ. *വില്ലേജ്*—ഇടപ്പള്ളി സൌത്ത്.

ക്രമ നമ്പർ	*ബ്ലോക്ക് നമ്പർ*	*സർവ്വെ നമ്പർ*	*വിവരണം*	*വിസ്തീർണ്ണം (ഹെക്ടർ)*	*പൊതു ആവശ്യത്തിന്റെ സ്വഭാവം*	*ബാധിക്കപ്പെട്ട കുടുംബാംഗങ്ങളെ മാറ്റി പാർപ്പിക്കുന്നതിനുള്ള കാരണം*	*ഉടമസ്ഥന്റെ പേരു വിവരം*
1.	..	133/5pt	പുരയിടം	0.0025	കൊച്ചി മെട്രോ റെയിൽ പ്രൊജക്ടിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി പാലാരിവട്ടം മെട്രോ സ്റ്റേഷൻ (RHS), റോഡ് വികസനം എന്നീ പദ്ധതികളുടെ നിർമ്മാണത്തിനുവേണ്ടി	പദ്ധതി പ്രദേശത്തു നിന്നും ആരേയും മാറ്റി പാർപ്പിക്കേണ്ടതില്ല	എളമക്കര മുറിയിൽ പെരുമ്പോട്ടയിൽ മാധവൻ പിള്ള ഗോപാലപിള്ള
2.	..	133/6pt		0.0085			എറണാകുളം വില്ലേജ് കോവിലവട്ടം ദേശത്ത് വരാപ്പുഴ അതിരൂപത
ആകെ				**0.0110**			

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

താലൂക്ക്—കണയന്നൂർ. *വില്ലേജ്*—പൂണിത്തുറ.

ക്രമ നമ്പർ	*ബ്ലോക്ക് നമ്പർ*	*സർവ്വെ നമ്പർ*	*വിവരണം*	*വിസ്തീർണ്ണം (ഹെക്ടർ)*	*പൊതു ആവശ്യത്തിന്റെ സ്വഭാവം*	*ബാധിക്കപ്പെട്ട കുടുംബാംഗങ്ങളെ മാറ്റിപാർപ്പിക്കുന്നതിനുള്ള കാരണം*	*ഉടമസ്ഥന്റെ പേരു വിവരം*
1.	..	38/1pt	പുരയിടം	0.0105	കൊച്ചി മെട്രോ റെയിൽ പ്രൊജക്ടിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി പാലാരിവട്ടം മെട്രോ സ്റ്റേഷൻ (RHS), റോഡ് വികസനം എന്നീ പദ്ധതികളുടെ നിർമ്മാണത്തിനുവേണ്ടി	താമസ വീടുകൾ നഷ്ടപ്പെടുന്നില്ല. പദ്ധതി പ്രദേശത്തു നിന്നും ആരേയും മാറ്റി പാർപ്പിക്കേണ്ടതില്ല	1) തുണ്ടിയിൽ തട്ടാരത്ത് വീട്ടിൽ ഭാസ്ക്കരൻ ഭാര്യ (എ) ശാന്ത വി.ആർ., മക്കൾ (ബി) രാജീവ് കുമാർ (സി) മനോജ്കുമാർ 2) എൻ.എസ്.ശ്രീധരൻ മക്കൾ, (എ) ജയകുമാർ, എൻ.എസ്., നന്ദനം, കളവത്ത് റോഡ്, (ബി) ദിനചന്ദ്രൻ കെ.എസ്. കരുമാലിപറമ്പിൽ, പാലാരിവട്ടം, 3) (എ)രാജഗോപാല മേനോൻ മകൻ രാമചന്ദ്രൻ കെ.ആർ., ദേവബാല, പോണോത്ത് വീട്, പാലാരിവട്ടം (ബി) രാജഗോപാലു മേനോൻ ഭാര്യ സീമന്തിനി 4) തുണ്ടിപറമ്പിൽ ശങ്കരനായിഡുവിന്റെ അവകാശികൾ കൃഷ്ണസ്വാമി നായിഡു മുതൽ പേർ 5)വെണ്ണല കര പാട്ടുപറമ്പിൽ രാമൻ മകൻ മണി 6) നാരായണൻ കെ.സി., കുഴിപ്പറമ്പിൽ വീട്, പാലാരിവട്ടം
2.	..	38/7pt		0.0015			1)പ്രസാദ് പി.എസ്., പെരിങ്ങാട്ട് വീട്, വാഴക്കാല 2) ജോയ് ജെ., “അച്ചു അനു”, വട്ടത്തിപാടം, പാലാരിവട്ടം 3) നാരായണൻ കെ.സി., കുഴിപറമ്പിൽ വീട്, പാലാരിവട്ടം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

3.	..	38/10pt	പുരയിടം	0.0017			തുണ്ടിപറമ്പിൽ ശങ്കരനായിഡുവിന്റെ അവകാശികൾ കൃഷ്ണസ്വാമി നായിഡു മുതൽ പേർ
4.	..	35/1pt	നിലം	0.0150			1)തൃശൂർ ജില്ല എടവിലങ്ങ് കര, തോട്ടുങ്കൽ വീട്ടിൽ അബ്ദുള്ള മുസലിയാർ മക്കൾ (എ) മുഹമ്മദ്, (ബി) അഹമ്മദുണ്ണി, (സി) മമ്മു 2) എറണാകുളം വില്ലേജ് തൃക്കണാർവട്ടം ദേശത്ത് നാരായണൻ മക്കൾ (എ) ഷൺമുഖൻ, (ബി) ശിവശങ്കരൻ 3)പൂണിത്തുറ വില്ലേജ് പാലാരിവട്ടം ദേശത്ത് പത്മവിലാസത്തിൽ വെങ്കിടസ്വാമി നായിഡു മക്കൾ വി.ജ്യോതിലക്ഷ്മി, വി. ഭാനുമതി മുതൽ പേർ 4) പാലാരിവട്ടം നായാട്ടിപറമ്പിൽ എൻ.എസ്. ശ്രീധരൻ ദിനചന്ദ്രൻ കെ.എസ്., കരുമാലിപറമ്പിൽ 5) തുണ്ടിപറമ്പിൽ ശങ്കരനായിഡുവിന്റെ അവകാശികൾ കൃഷ്ണസ്വാമി നായിഡു മുതൽ പേർ
5.	..	35/3pt		0.0010			1) ശങ്കരൻ സുബ്രഹ്മണ്യൻ രാജാവ് അവർകൾ 2)മാമംഗലം കര ചിറ്റേത്ത് വീട്ടിൽ സുകുമാരന്റെ അവകാശികൾ 1. വിലാസിനി 2. പ്രദീപൻ, 3. പ്രീത
ആകെ				**0.0297**			
ആകെ വിസ്തീർണ്ണം				**0.0407**			

(ഒപ്പ്)
ജില്ലാ കളക്ടർ
എറണാകുളം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FORM NO.7
[See rule 18(1)]

FORM OF PRELIMINARY NOTIFICATION TO BE ISSUED BY THE COLLECTOR UNDER SUB-SECTION (1) OF SECTION 11

NOTIFICATION

No. C12-993/24(1) 7th *August, 2026.*

WHEREAS, the Government of Kerala have as per Notification No.649/2015/RD dated 04-12-2015 appointed the Special Tahsildar (L.A) No.II, Kochi Metro Rail Project, Kakkanad to perform the functions of a Collector for the purpose of land acquisition under the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013;

AND WHEREAS, the Government hereby appoint the Deputy Collector (L.A) Kochi Metro Rail Project, Civil Station, Kakkanad as the Administrator for the purpose of Rehabilitation and Resettlement to the proposed acquisition;

AND WHEREAS, it appears to the Government that the land specified in the schedule below is needed or is likely to be needed for public purpose to wit for land required for the construction of Kochi Metro Rail Project Phase II – Palarivattom Metro Station (RHS) and Road Widening;

NOW, THEREFORE, notice is hereby given to that effect to whomsoever it may concern, in accordance with the provisions of sub-section (1) of section 11 of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013;

All persons interested in the said land are accordingly required to lodge before the Special Tahsildar (L.A) No.II, Kochi Metro Rail Project, Kakkanad within 15 days from the date of publication of the above notification, or after giving public notice regarding this whichever is later, a statement in writing of their objections, if any, regarding the updation of land records or title in respect of the land proposed for acquisition. Any objection/statement which is received after the due date or which does not clearly explain as to how the objector is interested in the land is liable to be summarily rejected;

A summary of the Social Impact Assessment Report is given below, which is available in the Official Website of the District Administration, Ernakulam;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

SUMMARY OF THE SOCIAL IMPACT ASSESSMENT REPORT

As per the requisition received from the requisition authority KMRL, 0.0110 Ha of land in Edappally South Village and 0.0297 Ha of land in Poonithura Village, a total extent of 0.0407 Ha of land is required for the construction of Palarivattom Metro Station (RHS) and Road Widening;

Only a minimum extent of land is acquired for the project. The SIA Study Report confirm that the project will benefit to the social and economic progress of the area and negative impacts of land acquisition is meager when compared to the social benefits created by the project. Hence it is assessed that it is very useful to acquire this land for the project.

The land proposed for acquire is in Edappally South Village and Poonithura Village and Kochi Corporation.

SCHEDULE

(The extent given is approximate)

District –Ernakulam.

Taluk – Kanayannur. *Village* – Edappally South.

Sl. No.	*Block No.*	*Survey No.*	*Description*	*Extent (Hector)*	*Nature of Public Interest*	*Reason for Rehabilitation*	*Name & Address of the Owner*
1.	..	133/5pt	Dry	0.0025	Land Acquisition of Kochi Metro Rail Project Phase II – Palarivattom Metro Station (RHS) and Road Widening	Occupants need not be relocated	Gopala Pilla, S/o. Madhavan Pilla, Perumbottayil, Elamakkaramuri
2.	..	133/6pt		0.0085			Varappuzha Archdiocese, Kovilavattam, Ernakulam
Total				**0.0110**			

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Taluk – Kanayannur. *Village* – Poonithura.

Sl. No.	*Block No.*	*Survey No.*	*Description*	*Extent (Hector)*	*Nature of Public Interest*	*Reason for Rehabilitation*	*Name & Address of the Owner*
1.	..	38/1pt	Dry	0.0105	Land Acquisition of Kochi Metro Rail Project Phase II – Palarivattom Metro Station (RHS) and Road Widening	No residential facilities included in alignment/no family need to be relocated	1)Legal heirs of Bhaskaran, Thattarath (a)Santha V.R., (b) Rajeevkumar (c) Manojkumar Thattarath House, Palarivattom 2 Jayakumar N.S., S/o. N.S.Sreedharan, Nandanam, Kalavath Road 3) Ramachandran K.R., S/o.Rajagopala Menon, Ponoth House, Palarivattom & Seemanthini, W/o.Rajagopala Menon 4) Legal heirs of Thundiparambil Sankara Naidu – Krishna Swamy Naidu and others 5) Mani, S/o.Raman, Pattuparambil, Vennala Kara
2.	..	38/7pt		0.0015			1)Prasad P.S., Peringattu House, Vazhakkala 2)Joy J.,"Achu Anu", Vattathipadam, Palarivattom 3) K.C.Narayanan, Kuzhiparambil House, Palarivattom
3.	..	38/10pt		0.0017			Legal heirs of Thundiparambil Sankara Naidu – Krishna Swamy Naidu and others
4.	..	35/1pt	Wet	0.0150			1)(a)Muhammed, S/o. Abdulla Musaliar, Thottungal House, Edavilangukara (b)Ahamadunni,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

							S/o. Abdulla Musaliar (c)Mammu, S/o. Abdulla Musaliar 2)(a)Shanmughan, S/o.Narayanan, Thrikkanarvattom Desom, Ernakulam Village (b) Sivasankaran, S/o.Narayanan 3) V.Jyothi Lakshmi, D/o. Venkitaswamy Naidu, V. Bhanumathi D/o. Venkitaswamy Naidu and others, Padma Vilasam, Palarivattom Desom, Poonithura Village 4. N.S.Sreedharan Nayattiparambil, Palarivattom and Dinachandran K.S., Karumaliparambil 5) Legal heirs of Thundiparambil Sankara Naidu – Krishna Swamy Naidu and others
5.	..	35/3pt	Wet	0.0010			1)Sankaran Subrahmanian Rajaav Avarkal 2)Legal heirs of Sukumaran, Chitteth House, Mamamgalam Kara - 1.Vilasini, 2.Pradeepan 3.Preetha
				Total	**0.0297**		
				Grand Total	**0.0407**		

(Sd.)

DISTRICT COLLECTOR,
Ernakulam.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.08.11 02:36:40 +05:30